Uncorrected/Not for publication
06-10-2025

## 6. നിയമ നിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

Uncorrected/Not for publication
06-10-2025

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ;

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബില്ലുമായി ബന്ധപ്പെട്ട് ചില പ്രാഥമിക കാര്യങ്ങൾ വ്യക്തമാക്കേണ്ടത് അനിവാര്യമാണ്. പ്രതിപക്ഷം എത്രത്തോളം തടസ്സപ്പെടുത്തിയാലും ഈ വിഷയം പറയാതെ പോകുവാൻ കഴിയില്ല. കേരളത്തിന്റെ റവന്യൂ രേഖകൾക്ക് ഒരു കൃത്യത ഉറപ്പാക്കുന്നതിനായി ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു സെറ്റിൽമെന്റ് ബിൽ അവതരിപ്പിക്കുന്നത്. 1883 മുതൽ 1911 വരെയുള്ള കാലഘട്ടത്തിൽ നടന്ന സബ്ജക്റ്റ് സെറ്റിൽമെന്റുകൾക്കുശേഷം ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയൊരു സെറ്റിൽമെന്റ് ഉണ്ടായിട്ടില്ല. 06-10-1965-ലാണ് റീ-സർവെ നടപടികൾ ആരംഭിക്കാൻ കേരളം തീരുമാനിക്കുന്നത്. എല്ലാ 30 വർഷം കൂടുമ്പോഴും സെറ്റിൽമെന്റ് ഉണ്ടാക്കാവുന്നതരത്തിൽ റീ-സർവെ നടപടികൾ കൊണ്ടുവരണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു. ഈ ഘട്ടത്തിലാണ് രണ്ടാം പിണറായി സർക്കാർ കേരളത്തിൽ ഒരു ഡിജിറ്റൽ റീ-സർവെ അനിവാര്യമാണെന്ന് തീരുമാനിച്ചത്. 1966-ൽ ആരംഭിച്ച റീ-സർവെ

നടപടികൾ 2000-ൽ പരിശോധിച്ചപ്പോഴും ഏകദേശം 921 വില്ലേജുകളിൽ മാത്രമാണ് നടപ്പിലാക്കാനായതെന്നാണ് കണ്ടെത്തിയത്. എന്നാൽ ഈ ഗവൺമെന്റ് ഡിജിറ്റൽ റീ-സർവെ നടപടികൾ ആരംഭിച്ച് രണ്ട് വർഷക്കാലം പിന്നിടുമ്പോൾ 535 വില്ലേജുകളിൽ സർവെ ആരംഭിക്കുകയും 342 വില്ലേജുകളിൽ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. രണ്ടുവർഷക്കാലം കൊണ്ട് 831067 ഹെക്ടർ ഭൂമിയും 6081000 ലാൻഡ് പാഴ്സലുകളും അളന്ന് കഴിഞ്ഞു. കേരളത്തിൽ ആകെയുള്ള ഭൂമി 35 ലക്ഷം ഹെക്ടറാണ്. അതിൽ 8 ലക്ഷം ഹെക്ടർ വനഭൂമി കഴിഞ്ഞാൽ ബാക്കിയുള്ള ഭൂമിയുടെ മൂന്നിലൊന്നും ഈ രണ്ടുവർഷക്കാലം കൊണ്ട് അളന്ന തിട്ടപ്പെടുത്താൻ കഴിഞ്ഞുവെന്നുള്ള അഭിമാനകരമായ വസ്തുത നമ്മുടെ മുമ്പിലുണ്ട്. കോലളവ്, ചങ്ങല, ടേപ്പ് തുടങ്ങിയ കൺവെൻഷൻ രീതികളിൽനിന്ന് ആധുനികരീതിയിലേയ്ക്ക് മാറിയപ്പോൾ ഒരാളുടെ ബൗണ്ടറിയ്ക്കുള്ളിലുള്ള ഭൂമി അധികമായി കാണുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. 60 ലക്ഷം ലാൻഡ് പാഴ്സലുകൾ അളന്നപ്പോൾ ബൗണ്ടറിയ്ക്കുള്ളിലുള്ള 50 ശതമാനം ഭൂമിയും നിലവിലെ രേഖപ്രകാരമുള്ള ഭൂമിയേക്കാൾ കൂടുതലാണെന്ന സ്ഥിതിവിശേഷമുണ്ടായി. റവന്യൂ രേഖകളും

സർവേ റിക്കോർഡുകളും ഭൂമിയുടെ ഉടമമസ്ഥാവകാശം തെളിയിക്കുന്ന രേഖകളല്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയ സാഹചര്യങ്ങൾ നിലവിലുണ്ട്. ഒരു വ്യക്തിക്ക്, അയാൾക്ക് അവകാശമുള്ള ഭൂമി മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ. ഭൂമി കൈമാറ്റം ചെയ്യുമ്പോൾ ഉടമസ്ഥാവകാശം മാറണമെങ്കിൽ അയാളുടെ ടൈറ്റിലിൽ മാറ്റം ഉണ്ടാകണം. 10 സെന്റ് ഭൂമിയുള്ള ഒരാളുടെ അതിർത്തിക്കുള്ളിൽ അളക്കുമ്പോൾ 12 സെന്റ് കണ്ടെത്തിയാൽ 12 സെന്റ് ഭൂമിക്കും നികുതി അടയ്ക്കാമെന്ന് ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. പക്ഷെ, നികുതിയുള്ളതുകൊണ്ടു മാത്രം ഭൂമിയുടെ ഉടമസ്ഥാവകാശം അയാൾക്ക് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിലാണ് അധിക വിസ്തീർണ്ണത്തിന് ഉടമസ്ഥത ലഭിക്കത്തക്കവിധത്തിൽ ഒരു സെറ്റിൽമെന്റ് ആക്റ്റ് ഐക്യകേരളത്തിന്റെ ചരിത്രത്തിലാദ്യമായി അവതരിപ്പിക്കണമെന്ന് ഈ ഗവൺമെന്റ് ആലോചിക്കുന്നത്. ഡിജിറ്റൽ സർവെയുടെ കൃത്യത കാരണമാണ് വ്യക്തമായ അതിരിനുള്ളിൽ കൂടുതൽ വിസ്തീർണ്ണം ഉണ്ടെന്ന് ഇപ്പോൾ കണ്ടെത്താൻ കഴിഞ്ഞത്. ഇത്തരത്തിൽ കണ്ടെത്തിയ അധിക വിസ്തീർണ്ണത്തിലുള്ള ഭൂമിക്കും ഉടമസ്ഥതയിലുള്ള ഭൂമിയോടൊപ്പം കരം ഒടുക്കാൻ അനുവാദം നൽകിക്കൊണ്ട് സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചു. പക്ഷെ, റവന്യൂ രേഖകളും സർവെ രേഖകളും ഉടമസ്ഥാവകാശത്തിന് തെളിവാകുന്ന രേഖകളല്ല; അവ കൈവശത്തിനുള്ള തെളിവുകൾ മാത്രമാണ്. നിലവിലുള്ള സെറ്റിൽഡ് പൊസിഷൻ പ്രകാരം ടൈറ്റിലും കൈവശവും (possession) കൂടി ചേരുമ്പോഴാണ് ഉടമസ്ഥാവകാശം ഉണ്ടാകുന്നത്. ടൈറ്റിലും കൈവശവും ചേർന്നാൽ അത് ഓണർഷിപ്പായി പരിഗണിക്കപ്പെടുന്നു. വ്യക്തമായ അതിർത്തിക്കുള്ളിലുള്ള ഭൂമിയ്ക്ക് ഉടമസ്ഥത നൽകാനാണ് ഇപ്പോൾ ഗവൺമെന്റ് ശ്രമിക്കുന്നത്. പ്രമാണ പ്രകാരമുള്ള വ്യക്തമായ അതിർത്തിക്കുള്ളിൽ അധിക ഭൂമി കാണുന്നപക്ഷമാണ് ഉടമസ്ഥരേഖ നൽകുന്നത്. ഒരു ആധാരത്തിൽ പറഞ്ഞിരിക്കുന്ന വിസ്തൃതി അതിലെ ബൗണ്ടറികളുമായി യോജിക്കാതെ വന്നാൽ 'boundaries will prevail over extent' എന്ന നിയമം പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. പ്രതിപക്ഷം ബഹളമുണ്ടാക്കിയതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് കിട്ടേണ്ട ഒരു അവകാശവും ഈ ഗവൺമെന്റ് ഇല്ലാതാക്കാൻ പോകുന്നില്ല. ഡിജിറ്റൽ റീ-സർവെയിൽ അധികഭൂമി കണ്ടെത്തിയാൽ അതിന്റെ അവകാശം ഉടമയ്ക്ക് ലഭിക്കുന്നതിനും അത് വിൽക്കാൻ കഴിയുന്നതിനുമായി ഒരു സംവിധാനം ഉണ്ടാകേണ്ടേ? സർവെ ആൻഡ്

ബൗണ്ടറീസ് ആക്റ്റിന്റെ ഉദ്ദേശ കാരണങ്ങൾ പരിശോധിക്കുമ്പോൾ ഇക്കാര്യത്തിനായി ഒരു ഭേദഗതി ആ നിയമത്തിൽ വരുത്തിയിട്ട് കാര്യമില്ലെന്ന് മനസ്സിലാകും. അത്തരം സാഹചര്യങ്ങളിൽ റവന്യൂ നിയമങ്ങളിലുണ്ടായേക്കാവുന്ന ഒരു വിടവ്/ശൂന്യത നികത്തുന്നതിനുള്ള നിയമനിർമ്മാണത്തിലേക്ക് ഈ സർക്കാർ കടക്കുകയാണ്. സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ടു മാത്രമേ അധിക ഭൂമി ക്രമവത്കരിച്ചു നൽകുകയുള്ളൂവെന്ന മുൻകരുതൽ ഈ ആക്റ്റിന്റെ ഭാഗമായി ഞങ്ങൾ പറയുന്നുണ്ട്. അതുപോലെതന്നെ, വ്യവഹാരത്തിൽപ്പെടാത്ത തർക്കരഹിതമായിട്ടുള്ള അതിർത്തിക്കുള്ളിലെ ഭൂമിയാണ് ക്രമവത്ക്കരിച്ച് നൽകുന്നതെന്നതിനാൽ മറ്റൊരു ഭൂവുടമയുടേയും ഭൂമി നഷ്ടപ്പെടില്ലായെന്ന് ഞങ്ങൾ ഉറപ്പാക്കും. കേരളത്തിലെ ആകെയുള്ള ഭൂവുടമകളിൽ പകുതിയിലധികം പേർക്ക് പ്രയോജനം ലഭിക്കുന്ന, വ്യക്തതയുള്ള ഒരു നിയമത്തിന്റെ കരടാണ് ഈ നിയമസഭ മുമ്പാകെ അവതരിപ്പിക്കുന്നത്. ഭൂപരിഷ്കരണ നിയമത്തിലൂടെ ലോകത്തിന് മുമ്പിൽ അവതരിപ്പിക്കപ്പെട്ട കേരള മോഡലിനുശേഷം ഭൂഭരണത്തിന് കേരളം ഒരു മോഡൽ ഉണ്ടാക്കുകയാണ്. അതുമായി

ബന്ധപ്പെട്ട ഒരു ബിൽ സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2025 – ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

Uncorrected/Not for publication
06-10-2025

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, വൈസ് ചാൻസലർമാരുടെ നിയമനം യു.ജി.സി.-യുടെ റെഗുലേഷനുകൾക്കനുസൃതമായി നടത്തുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. അതിൽ യു.ജി.സി. പറയുന്നതുപോലെയുള്ള സെലക്ഷൻ കമ്മിറ്റി എങ്ങനെയായിരിക്കണമെന്നത് സംബന്ധിച്ച് സംസ്ഥാന നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി സമീപകാലത്ത് പുറപ്പെടുവിച്ച വിധിയിലും വൈസ് ചാൻസലർ നിയമനങ്ങൾക്കുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരം വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാലയിലെയും ഡിജിറ്റൽ സർവ്വകലാശാലയിലെയും വൈസ് ചാൻസലർമാരെ

തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ചുമതലപ്പെടുത്തിയിട്ടുള്ളത്. അതുപോലെ, സെർച്ച് കമ്മിറ്റി നൽകുന്ന ലിസ്റ്റിന്റെ പരിഗണനാക്രമം നിർണ്ണയിക്കാനുള്ള അധികാരം മുഖ്യമന്ത്രിക്ക് നൽകിയിരിക്കുന്നതും സംസ്ഥാന ഗവൺമെന്റിന്റെ അധികാരം വ്യക്തമാക്കുന്നതാണ്. സെർച്ച് കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതാണ് ഈ നിയമ ഭേദഗതി. വൈസ് ചാൻസലറുടെ ഒഴിവ് വരുന്നതിന് മൂന്നുമാസം മുമ്പെങ്കിലും സമിതി രൂപീകരിക്കണമെന്നും രൂപീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ മൂന്നുപേർ അടങ്ങുന്ന പാനൽ (അത് ഏകകണ്ഠമായോ ഏകകണ്ഠമാകാൻ സാധിക്കുന്നില്ലെങ്കിൽ ഭൂരിപക്ഷ തീരുമാന പ്രകാരമോ) തയ്യാറാക്കി ചാൻസലർക്ക് സമർപ്പിക്കണമെന്നും അതിൽനിന്നും ഒരാളെ ചാൻസലർ വൈസ് ചാൻസലറായി നിയമിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. അതുപോലെ, വൈസ് ചാൻസലറുടെ കാലാവധി നാല് വർഷം വരെയോ എഴുപത് വയസ്സ് വരെയോ ഏതാണ് ആദ്യം വരുന്നത് അതനുസരിച്ച് റിട്ടയർ ചെയ്യുന്ന

വ്യവസ്ഥകൂടി യു.ജി.സി.-യുടെ പുതിയ റെഗുലേഷനിൽ പറയുന്നുണ്ട്. അതുകൂടി ഉൾക്കൊള്ളുന്നൊരു ബില്ലാണിത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iii) 2025-ലെ മലയാള ഭാഷ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ മലയാള ഭാഷ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, 2025-ലെ മലയാള ഭാഷ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: ഏറെ ചരിത്രപ്രാധാന്യമുള്ളൊരു ബില്ലാണിത്. നമ്മുടെ ഭരണ നിർവഹണം പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റണമെന്ന അഭിപ്രായം നേരത്തെതന്നെ നിയമസഭ പല ഘട്ടത്തിലും പ്രകടിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 2015 ഡിസംബർ 17-ന് കേരള നിയമസഭ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പാസ്സാക്കിയത്. അന്ന് ആ ബിൽ പ്രസിഡന്റിന്റെ അനുമതിക്കായി ഗവർണർ അയച്ചിരുന്നെങ്കിലും ബില്ലിനെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് തുടർച്ചയായി സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഓരോ കാര്യത്തിലും വ്യക്തത വരുത്തി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചെങ്കിലും കാരണമൊന്നുമില്ലാതെ പ്രസ്തുത

ബില്ലിന് അംഗീകാരം നിഷേധിക്കുകയാണ് ചെയ്തത്. ഭാഷാ ന്യൂനപക്ഷങ്ങളുടെ താൽപര്യംകൂടി സംരക്ഷിക്കണമെന്നുള്ളൊരു ഭാഗത്തെക്കുറിച്ച് വ്യക്തത വരുത്തണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരുന്നു. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷകൂടി പഠിക്കാനുള്ള അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് ഈ ബിൽ പാസ്സാക്കിയിട്ടുള്ളത്.

2017-ൽ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മലയാള ഭാഷ പഠന ആക്റ്റ് പാസ്സാക്കുകയും, അതുപ്രകാരം 2017-18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നു മുതൽ പത്താം ക്ലാസ് വരെ മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കേണ്ടതുണ്ട്. ഈ നിയമത്തിൽ മലയാളം അധ്യയനത്തിനുമാത്രമല്ല ഭരണ നിർവഹണം, ജില്ലാ കോടതികളുടെ താഴെയുള്ള കീഴ്ക്കോടതികളുടെ നടപടിക്രമങ്ങൾ മലയാള ഭാഷയിലേക്ക് മാറ്റുക, മലയാളം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നേരത്തെയുള്ള ഔദ്യോഗിക ഭാഷാ സംവിധാനത്തിനുപകരം പ്രത്യേകമൊരു കമ്മീഷൻ എന്ന നിലയ്ക്ക് മലയാള ഭാഷ വികസന ഡയറക്ടറേറ്റ് രൂപീകരിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുപോലെ നിയമങ്ങൾ, ബില്ലുകൾ, ഓർഡിനൻസുകൾ

ഇതെല്ലാംതന്നെ മലയാളത്തിൽ അവതരിപ്പിക്കാറുണ്ട്. ഭരണഘടന പ്രകാരം ഒരു ബിൽ മലയാളത്തിലാണ് അവതരിപ്പിക്കുന്നതെങ്കിൽ അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഗവർണറുടെ അതോറിറ്റിയിൽ അംഗീകരിക്കണമെന്നുണ്ട്. ഇപ്പോൾ പ്രായോഗികമായ രീതി ഗവർണർതന്നെ ഒപ്പുവയ്ക്കണമെന്നുള്ളതാണ്. യഥാർഥത്തിൽ ഇന്ന് മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള ബിൽ ശരിയാണോയെന്ന് ഒത്തുനോക്കൽ പ്രക്രിയ മാത്രമാണ് ഭരണഘടനാ പ്രകാരം നിർവഹിക്കേണ്ടത്. അത് under the Authority of the Governor എന്നാണ് ഭരണഘടന നിഷ്കർഷിക്കുന്നതെങ്കിലും ഗവർണർ തന്നെ ഒപ്പുവയ്ക്കണമെന്നുള്ളതാണ് നിലവിൽ പിന്തുടരുന്ന കീഴ്വഴക്കം. അക്കാര്യങ്ങൾ പിന്നീട് ചർച്ച ചെയ്യേണ്ടതാണെങ്കിലും നിലവിൽ ഇംഗ്ലീഷ് പരിഭാഷ നിർബന്ധമായി പ്രസിദ്ധീകരിക്കണമെന്ന ഭാഗം ഒഴിവാക്കി പൂർണ്ണമായും മലയാളത്തിൽതന്നെ പ്രസിദ്ധീകരിക്കണമെന്ന നിർദേശമാണ് മുന്നോട്ട് വയ്ക്കുന്നത്. കൂടാതെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ തുടങ്ങിയ മറ്റു ഭാഷക്കാരുടെ കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഭാഷയോ മാതൃഭാഷയോ ഉപയോഗിക്കാനുള്ള വ്യവസ്ഥയും

കൂട്ടിച്ചേർത്തിട്ടുണ്ട്. ന്യൂനപക്ഷ ഭാഷ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് ഈ പുതിയ നിയമം അവതരിപ്പിക്കുന്നത്. അതുപോലെതന്നെ ഇതര സംസ്ഥാന ഭാഷ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച പ്രത്യേകമായ വ്യവസ്ഥകളും ഏഴാം ഖണ്ഡത്തിൽ പുതിയതായി കൂട്ടിച്ചേർത്തിട്ടുണ്ട്. തമിഴ്, കന്നഡ ഭാഷാ ന്യൂനപക്ഷക്കാർ, സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റ് വകുപ്പ് അധ്യക്ഷൻമാർ എന്നിവരും ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങൾ എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ പ്രാദേശിക ഓഫീസുകളുമായുള്ള കത്തിടപാടുകളിൽ അവരുടെ ഭാഷ ഉപയോഗിക്കാവുന്നതാണ്. ഭാഷാ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് ഈ പുതിയ ബിൽ അവതരിപ്പിക്കുന്നത്. സാധാരണയായി ഇംഗ്ലീഷിൽ വരാറുള്ള പെറ്റി കേസുകളുടെ വിധിന്യായം മലയാളത്തിലാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കിയും ഹൈക്കോടതി അപ്പീൽ ചെയ്യാൻ ആവശ്യമായ വിധിന്യായങ്ങൾ പരിഭാഷപ്പെടുത്തി നൽകാനുള്ള വ്യവസ്ഥകളിലേയ്ക്കും പുതിയ ബില്ലിൽ

മാറ്റം വരുത്തിയിട്ടുള്ളതാണ്. യൂണിയൻ ഗവൺമെന്റ് ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങൾകൂടി അഡ്രസ് ചെയ്ത് പൂർണ്ണമായും സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാര പരിധിക്കകത്ത് ഒതുങ്ങിനിന്നുകൊണ്ടും മാതൃഭാഷ എന്നത് ഭരണനിർവഹണത്തിന്റെ പ്രധാനപ്പെട്ട ഘടകമായി അംഗീകരിച്ചുകൊണ്ടുള്ളതുമായ ഒരു ബില്ലാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തിലൂടെ അവതരിപ്പിക്കുന്നത്. കേരളത്തെ സംബന്ധിച്ച് ഏറെ ചരിത്ര പ്രാധാന്യമുള്ളൊരു ബില്ലാണിത്. ആ ബില്ലിന്റെ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ പ്രതിപക്ഷം ഇപ്രകാരം നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാന്യനായ പാർലമെന്ററികാര്യ മന്ത്രി ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം തുടർച്ചയായി ചർച്ചയ്ക്ക് എടുക്കുകയും, മറുപടി ലഭിച്ചപ്പോൾ തൃപ്തിപ്പെടാതെ പുറത്തേയ്ക്കുപോവുകയും രണ്ട് പേരെ സത്യാഗ്രഹത്തിന് ഇരുത്തുകയും ചെയ്തു. തീരുമാനം വരുന്നതുവരെ അവർ സത്യാഗ്രഹമിരിക്കുകയാണെന്ന്

ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇപ്പോൾ പോലീസ് നയത്തിൽ പൂർണ്ണമായ തൃപ്തിയുള്ളതുകൊണ്ടായിരിക്കാം സഭയുടെ ശ്രദ്ധയിൽപ്പെടുത്താതെതന്നെ അവരെല്ലാവരും ഇന്ന് സഭയ്ക്കകത്തുള്ളത്. സഭയ്ക്കകത്തേയ്ക്ക് അവർ തിരിച്ചുവന്ന സാഹചര്യമെന്താണെന്ന് പ്രതിപക്ഷനേതാവ് ഇതുവരെ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ സമയം കണ്ടെത്തിയിട്ടില്ല എന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2025-ലെ മലയാള ഭാഷ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iv) 2025-ലെ പൊതു സേവനാവകാശ ബിൽ

ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ പൊതു സേവനാവകാശ ബിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ചം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ നിയമം കേരള നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ടൊരു നിയമനിർമ്മാണമായി പരിഗണിക്കേണ്ടതാണ്. കേരളചരിത്രത്തിൽ നിർണ്ണായകമായി രേഖപ്പെടുത്തേണ്ട നിരവധി ബില്ലുകൾ സഭയുടെ പരിഗണനയ്ക്ക് വരികയാണെന്നുള്ളത് ഈ നിയമസഭാ സെഷന്റെ

പ്രത്യേകതയാണ്. സ്വാഭാവികമായും പ്രതിപക്ഷത്തിന് പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാമെങ്കിലും നമ്മുടെ നാടിനെയാകെ ബാധിക്കുന്ന വലിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം നിയമനിർമ്മാണത്തിലൂടെ സർക്കാർ നടത്തുമ്പോൾ അതിനെ പിന്തുണയ്ക്കുകയാണ് വേണ്ടത്. നിയമനിർമ്മാണ ചർച്ചയിൽ പങ്കെടുക്കാതെ ഇത്തരത്തിലുള്ള പ്രതിഷേധം സംഘടിപ്പിക്കുന്നത് യഥാർത്ഥത്തിൽ കേരളീയ സമൂഹത്തോടുള്ള ഒരു വെല്ലുവിളിയായിത്തന്നെ കണേണ്ടിവരും.

ഈ ബിൽ പൊതു സേവനാവകാശത്തിനുള്ള നിയമമാണ്. പൊതുസേവനാകാശ നിയമം 2012-ൽ നിയമസഭാ പാസ്സാക്കുകയുണ്ടായി. നിയമത്തിന് ചില പരിമിതികൾ ഉണ്ടായിരുന്നതിനാൽ ആ പരിമിതികൾ പ്രയോഗത്തിലൂടെ കാണുകയുണ്ടായി. കൂടാതെ, എന്തുകൊണ്ടാണ് നിയമം പൂർണ്ണമായും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ തൃപ്തിപ്പെടുത്തുന്ന രൂപത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞില്ലായെന്ന് IMG-യുടെ റിപ്പോർട്ട് ഉണ്ടായിരുന്നു. അതുപോലെ നിയമത്തിനകത്ത് എന്തെല്ലാം പ്രായോഗികമായ

പരിമിതികൾ ഉണ്ടെന്നുള്ളത് പരിശോധിക്കണമെന്നുള്ള സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങളും നിയമസഭയുടെ പരിഗണനയിലുണ്ട്. നമ്മുടെ ജെ.എൻ.യു.-ന് എന്തോ സമനില തെറ്റിയിട്ടുണ്ട് എന്നാണ് തോന്നുന്നത്...... അതിന് പ്രത്യേകമായി കുട്ടികൾക്കുവേണ്ടിയുള്ള ഒരു ചികിത്സ നടത്തുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. പൊതുസേവനങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ തീരുമാനമുണ്ടാകുന്നില്ലെങ്കിൽ അതിനുവേണ്ടി പ്രത്യേകമായി ഒരു സ്വതന്ത്ര സംവിധാനം രൂപീകരിക്കുന്നതിനുവേണ്ടി ബില്ലിൽ വ്യവസ്ഥ ചെയ്യുകയാണ്. ഏതൊക്കെ സേവനങ്ങളായിരിക്കണം ലഭിക്കേണ്ടതെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. അതുപോലെ ലഭിക്കേണ്ട സേവനങ്ങൾ എത്ര ദിവസത്തിനുള്ളിൽ ആയിരിക്കണമെന്നുള്ളതും കൃത്യമായി വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. ഒരിക്കൽ വിജ്ഞാപനം നടത്തിയാൽ ആ വിജ്ഞാപനം കാലോചിതമായി പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിനകത്തുണ്ട്. സമയപരിധിയ്ക്കകത്ത് ഒരു സേവനം ഒരാൾക്ക് ലഭിക്കുന്നില്ലെങ്കിൽ അത് ലഭിക്കാതിരിക്കുന്നയാൾക്ക് ഒന്നാം ആപ്പീൽ

ബോധിപ്പിക്കുന്നതിനുള്ള അവകാശവും ഒന്നാം അപ്പീലിന് സമയബന്ധിതമായി തീരുമാനം വന്നില്ലെങ്കിൽ രണ്ടാം അപ്പീലിനുള്ള അവകാശവും ഈ നിയമം ഉറപ്പ് നൽകുന്നു. സേവനം നിഷേധിക്കുകയോ വൈകിപ്പിക്കുകയോ പൂർണ്ണമായും നൽകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഫൈൻ ഈടാക്കുക മാത്രമല്ല ഒന്നാം അപ്പീൽ അധികാരി കൃത്യസമയത്ത് തീരുമാനമെടുക്കുന്നില്ലെങ്കിൽ ഒന്നാം അപ്പീൽ അധികാരിയുടെമേലും ഫൈൻ ഈടാക്കാനുള്ള വ്യവസ്ഥയും ഈ നിയമത്തിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുകയാണ്. കൂടാതെ, രണ്ടാമത്തെ അധികാരിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനായി ഒരു സ്വതന്ത്രമായ സംവിധാനം വരികയാണ്. 'റൈറ്റ് ടു സർവീസ്' എന്ന സേവനം കേരളത്തിലെ ജനങ്ങളുടെ അവകാശമാണ്. അത് ജനാധിപത്യത്തിന്റെ ഏറ്റവും ഉയർന്ന പ്രയോഗമാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ആ സ്വതന്ത്ര സംവിധാനത്തിന് അധികാരങ്ങൾ നൽകിക്കൊണ്ട് പല്ലും

നഖവുമുള്ള ഒരു കമ്മീഷനെയാണ് ഈ നിയമത്തിന്റെ ഭാഗമായി രൂപീകരിക്കുന്നത്. ആ ചരിത്ര പ്രാധാന്യമുള്ള ബിൽ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2025-ലെ കേരള പൊതു സേവനാവകാശ ബിൽ ആഭ്യന്തരകാര്യങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(v) 2025-ലെ കേരള സർവകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(vi) 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ
ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, '2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു' എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) 3-ാം നമ്പർ ബിൽ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) 4-ാം നമ്പർ ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജ കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പരിഷ്കരണങ്ങളുടെ നാല് വർഷങ്ങളാണ് ഇപ്പോൾ നാം പിന്നിടുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നടപ്പാക്കിയ പരിഷ്കാരങ്ങളെല്ലാംതന്നെ വിദ്യാർഥികൾക്ക് അവർക്ക് അവകാശപ്പെട്ട സേവനങ്ങൾ ഏറ്റവും വേഗതയിലും ഗുണമേന്മ ഉറപ്പാക്കിയും ലഭിക്കുന്നതിനും വേണ്ടി രൂപീകരിച്ചവയായിരുന്നു. പരീക്ഷകളും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവുമെല്ലാം വേഗത്തിലും

സമയനിഷ്ഠയോടെയും നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിലുംവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തിക്കൊണ്ട് ജോബ് റെഡിനസ് നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും ഗവേഷണോന്മുഖ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സാധ്യമാകുന്ന നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ കരിക്കുലവും സിലബസും സമയബന്ധിതമായി തയ്യാറാക്കി സംസ്ഥാനത്തെ സർവകലാശാലകളിൽ നടപ്പാക്കുക, പ്രവേശന പ്രക്രിയ കൃത്യമായി പൂർത്തീകരിക്കുക, പരീക്ഷകളുടെ നടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും കാലതാമസമില്ലാതെ നടപ്പാക്കുക, വിദ്യാർഥികളുമായി നേരിട്ട് ബന്ധപ്പെടുന്ന സർവകലാശാലയുടെ പ്രവർത്തനങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ വേഗത്തിലാക്കുക, ബിരുദാനന്തര ബിരുദ കരിക്കുലവും എഞ്ചിനീയറിങ് കരിക്കുലവും ബി.എഡ്. കരിക്കുലവും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിങ്ങനെ ഉന്നതവിദ്യാഭ്യാസ രംഗത്തെ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളെല്ലാംതന്നെ ഈ കാലഘട്ടത്തിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. നാല്

അഫിലിയേറ്റിങ് സർവകലാശാലകളിലും മൂന്ന് യൂണിറ്ററി സർവകലാശാലകളിലും ഒരു ഓപ്പൺ സർവകലാശാലയിലും ഒരേസമയം മുഴുവൻ ബിരുദ പ്രോഗ്രാമുകളും നാല് വർഷ ബിരുദ പ്രോഗ്രാമുകളായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതെല്ലാംതന്നെ സർവകലാശാലയിലെ അക്കാദമിക് കമ്മ്യൂണിറ്റി അധ്യാപകരും ജീവനക്കാരും നടത്തിയ കൂട്ടായ ശ്രമത്തിന്റെ ഭാഗമായി സാധിച്ചിട്ടുള്ളതാണ്. ഇത്തരത്തിലുള്ള paradigm shift-ലേയ്ക്ക് ഉന്നതവിദ്യാഭ്യാസ മേഖലയെ നയിക്കുന്നതിനും ഗുണമേന്മാ വർധനവിലൂടെ NAAC അക്രഡിറ്റേഷനിലും NIRF റാങ്കിങ്ങിലും മികച്ച ഗ്രേഡുകളും റാങ്കുകളും കരസ്ഥമാക്കുന്നതിനുമെല്ലാം സർവകലാശാലകളിലെ സിൻഡിക്കേറ്റുകളടക്കമുള്ള ഭരണ സംവിധാനങ്ങൾ നൽകിയ നേതൃത്വപരമായ സഹകരണം ഈ അവസരത്തിൽ പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഒരു ഏകീകൃത അക്കാദമിക് കലണ്ടറിന് രൂപം നൽകി അക്കാദമിക പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും ഏകോപിതമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചതിലും സിൻഡിക്കേറ്റുകൾക്ക് വലിയ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ

നടപ്പാക്കുന്ന പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിന് സർവകലാശാല നിയമപ്രകാരമുള്ള വിവിധ സംവിധാനങ്ങൾ സമയനിഷ്ഠയോടെ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. എന്നാൽ സർവകലാശാല ഭരണസംവിധാനത്തിൽ ഏറ്റവും പ്രമുഖമായ സിൻഡിക്കേറ്റുകൾ ആവശ്യാനുസരണം യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളേണ്ട ധാരാളം സാഹചര്യങ്ങളുണ്ടാകുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിവരുന്നതും ഇനി നടപ്പാക്കേണ്ടതുമായ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നെടുനായകത്വം വഹിക്കുന്ന സർവകലാശാല സിൻഡിക്കേറ്റുകൾ സമയബന്ധിതമായി വിളിച്ചുചേർക്കുന്ന കാര്യത്തിൽ ചില സർവകലാശാല വൈസ് ചാൻസലർമാർ അലംഭാവം പ്രദർശിപ്പിക്കുകയാണ്. നിലവിൽ സിൻഡിക്കേറ്റുകൾ രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്നാണ് ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും നിബന്ധനയുള്ളത്. അല്ലെങ്കിൽ വൈസ് ചാൻസലർക്ക് ആവശ്യമെന്ന് തോന്നിയാൽ യോഗം ചേരാനും നിബന്ധനയുണ്ട്. അതോടൊപ്പം സിൻഡിക്കേറ്റിലെ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ 7 ദിവസത്തിനകം

യോഗം വിളിച്ചുചേർക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്ന വ്യവസ്ഥ ആക്റ്റിൽ ഉൾപ്പെടുത്തുന്ന ഭേദഗതിയാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. വൈസ് ചാൻസലർ എന്ന വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചല്ല സിൻഡിക്കേറ്റുകൾ പ്രവർത്തിക്കേണ്ടത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളാണ് സിൻഡിക്കേറ്റുകൾ. വിദ്യാർത്ഥികളും രക്ഷിതാക്കളും അടങ്ങുന്ന പൊതുസമൂഹത്തിന്റെ ഇച്ഛയ്ക്കനുസരിച്ച് ഉന്നതവിദ്യാഭ്യാസത്തെ രൂപപ്പെടുത്തിയെടുക്കാനുള്ള ഉത്തരവാദിത്വം പ്രധാനമായും ഏറ്റെടുക്കേണ്ടത് സിൻഡിക്കേറ്റുകളാണ്. അവയുടെ പ്രവർത്തനം വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഒതുങ്ങേണ്ടവയല്ല. വൈസ് ചാൻസലർമാർ ചില ബാഹ്യ സമ്മർദ്ദങ്ങൾക്ക് വഴങ്ങി തീരുമാനമെടുക്കുന്ന രീതി ഇപ്പോഴുണ്ട്. ചിലപ്പോഴെങ്കിലും വൈസ് ചാൻസലർമാർ തങ്ങളുടെ അധികാര പരിധിക്ക് പുറത്ത് തീരുമാനമെടുക്കുകയും നിയമസംവിധാനങ്ങൾ ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. സംസ്ഥാനത്തിന് യോജിക്കാത്തതും

ഇവിടത്തെ ജനത ഉൾക്കൊള്ളാത്തതുമായ ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും ഒളിച്ചുകടത്താനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഇത് ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളിൽ സിൻഡിക്കേറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത് സർവകലാശാലകളുടെ സുഗമമായ പ്രവർത്തനത്തിനും വിദ്യാർഥി സമൂഹത്തിന്റെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും അത്യന്താപേക്ഷിതമായതിനാൽ ഇവിടെ അവതരിപ്പിച്ച സർവകലാശാല ഭേദഗതി ബില്ലുകൾ പാസ്സാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സഭയോട് സവിനയം അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2025-ലെ സർവകലാശാല (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവകലാശാല (ഭേദഗതി) (4-ാം നമ്പർ ബിൽ) എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

Uncorrected/Not for publication
06-10-2025

ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

**അറിയിപ്പ്**

ഭേദഗതികൾക്ക് നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2025 ഒക്ടോബർ 9, 10 തീയതികളിൽ സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തിനുള്ള ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള സമയം യഥാക്രമം ഒക്ടോബർ 6, 7 തീയതികളിൽ ഉച്ചയ്ക്കുശേഷം 03.00 മണി വരെയും വകുപ്പ് തിരിച്ചുള്ള ഭേദഗതികൾക്ക് നോട്ടീസ് നൽകുന്ന സമയം അന്നേദിവസം രാത്രി 8 മണി വരെയും പുനഃക്രമീകരിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 07-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഒക്ടോബർ 07-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.50-ന് പിരിഞ്ഞു.)